# കാലം ചെയ്ത ബിഷപ്പ് ഡോക്ടർ കുര്യാളശേരി അവർകൾ

## ഭൗതികാവശിഷ്ട സംസ്ക്കാരാഘോഷ കോലാഹലങ്ങൾ

### എഴുപത്തയ്യായിരം വരുന്ന ജനക്കൂട്ടവും ഘോഷയാത്രയും

(പ്രത്യേകറിപ്പോർട്ടർ)

ചങ്ങനാശേരി കർക്കടകം 9

ചങ്ങനാശേരി രൂപതയിൽപ്പെട്ട 5 ലക്ഷത്തിൽ പരം ജനങ്ങളുടെ ആരാദ്ധ്യപുരുഷനായിരുന്ന ഡാക്ടർ കുര്യാളശ്ശേരി അവർകളുടെ ഭൗതികാവശിഷ്ടങ്ങൾ രാജോചിതമായ ആഡംബരങ്ങളോടുകൂടി എതിരേററു, സ്ഥലം കത്തീഡ്റൽപള്ളിയിലുടെ മദ്ബഹായിൽ സംസ്ക്കരിക്കുന്നതാണല്ലോ. ഈ പട്ടണവാസികൾ ഇതിലേക്കുനിസ്തുല്യമായ പരിശ്രമം തുടങ്ങിയിട്ട് ഒരാഴ്ചയിലധികമായി. ചന്തക്കടവു മുതൽ കത്തീഡ്റൽ ദേവാലയംവരെ സുമാർ ഒന്നര മൈൽ നീളം വരുന്ന രാജവീഥി അന്യാദൃശമായ വിധത്തിൽ അലങ്കരിക്കപ്പെട്ടിരിക്കുന്നു. റോഡിൻെറ ഇരുവശവും 12 അടി അകലത്തിൽ മുളകൾ നാട്ടി അവയിന്മേൽ തോരണങ്ങൾ വലിച്ചുകെട്ടിയും, പച്ചീന്തൽ കൈകൾ, കുലവാഴകൾ, കരിക്കിൻകുലകൾ, പനങ്കുലകൾ ഇവകളാലും ചേതസ്സമാകർഷകമാക്കിച്ചെയ്യപ്പെട്ടിരിക്കുന്നു. ചരിത്രപ്രസിദ്ധമായ സ്ഥലം, ചന്തക്കടവിലെ കുരിശുപള്ളിയുടെ പുരോഭാഗത്തായി 100 അടി നീളത്തിൽ ബ്രഹ്മാണ്ഡമായ ഒരു പന്തൽ തയ്യാർ ചെയ്തിരിക്കുന്നു. അതിൻെറ മുൻഭാഗത്തു അതികമനീയമായി അലങ്കരിച്ചിരിക്കുന്ന ഭീമാകൃതിയിലുള്ള ഒരു ആർക്കും നിർമ്മിച്ചിട്ടുണ്ട്. ഈ പന്തലിൻെറ പുരോഭാഗത്തായിമനോഹരമായ ഒരു മണ്ഡപം സജ്ജീകരിച്ചിട്ടുണ്ട്.

ഇന്നലെ ഉച്ചതിരിഞ്ഞപ്പോൾ അനേകായിരം ജനങ്ങളും ഒട്ടധികം വൈദികന്മാരും കന്യകാജനങ്ങളും സ്പെഷ്യൽകാറുകളിലും, ബസ്സുകളിലും മററുമായി സ്ഥലത്തെത്തിക്കൊണ്ടിരുന്നു.

ഈ മഹാമഹം പ്രമാണിച്ചു ചമ്പക്കുളത്തേക്ക് അര മണിക്കൂറിടവിട്ടു നടത്തിവരുന്ന സ്പെഷ്യൽ ബോട്ടുസർവീസുകൾ മുഖാന്തിരം നിരവധിജനങ്ങൾ ചമ്പക്കുളത്തേക്കു പൊയ്ക്കൊണ്ടിരുന്നു.

ഡാക്ടർ കാളാശ്ശേരിയവർകളുടെ സർക്കുലറനുസരിച്ചു പള്ളിസാമാനങ്ങളോടും ദർശനസമൂഹങ്ങളോടുംകൂടി പല ഇടവകക്കാരും ഇവിടെ എത്തി ചമ്പക്കുളത്തിനു പൊയ്ക്കൊണ്ടിരിക്കുന്നു. ഇന്നു വെളുപ്പിനു അഞ്ചുമണിയോടുകൂടി, സ്ഥലം കത്തീഡ്റൽ ദേവാലയത്തിലെ ദർശനസമൂഹക്കാരും മററും സ്പെഷ്യൽബോട്ടിൽ ചമ്പക്കുളത്തേക്കു പോയിരിക്കുന്നു. അവരെ അനുഗമിച്ചു അനേകം ബോട്ടുകളിലും വള്ളങ്ങളിലുമായി അസംഖ്യമാളുകൾ അങ്ങോട്ടു പോയിട്ടുണ്ട്. ഇന്നു പ്രഭാതത്തോടുകൂടി അസംഖ്യംജനങ്ങൾ കാറുകളിലും ബസ്സുകളിലുമായും കാൽനടയായും മററു സ്ഥലത്തെത്തിക്കൊണ്ടിരിക്കുന്നു. അറുപതിനായിരത്തിൽ പരം വരുന്ന ഒരു വൻപിച്ച ജനക്കൂട്ടം ഘോഷയാത്രയെപ്രതീക്ഷിച്ചുകൊണ്ട്, അക്ഷമരായി സ്ഥലം ചന്തക്കടവിൽ നിലകൊള്ളുന്നു. അനുനിമിഷം വർദ്ധമാനമായി വരുന്ന ഈ ജനക്കൂട്ടത്തിൻെറ ഭക്ഷണാവശ്യങ്ങൾ നിർവഹിക്കുന്നതിനു ശതക്കണക്കിനു ഇവിടെ ഇതുസംബന്ധിച്ചു പ്രത്യേകം നിർമ്മിച്ചിട്ടുള്ള ഹോട്ടലുകൾകൊണ്ടും മതിയാകയില്ലെന്നുള്ള സംഗതി ഇവിടവാസികളെ അമ്പരപ്പിക്കുന്നു. പിന്നെയും ജനബാഹുല്യം അൽഭുതവഹമായവിധം വർദ്ധിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു.

### ചമ്പക്കുളത്തുനിന്നുള്ള ഗംഭീരമായ ഘോഷയാത്ര

എഴുപത്തയ്യായിരത്തിൽപ്പരം വരുന്ന ജനക്കൂട്ടം

(പ്രത്യേക റിപ്പോർട്ടർ)

ചമ്പക്കുളം
9-12-110

1925-ൽ റോമിൽവച്ചു കാലം ചെയ്ത നിവന്ദിശ്രീ ഡോക്ടർ തോമസ് കുര്യാളശേരി അവർകളുടെ ഭൗതികാവശിഷ്ടങ്ങൾ അദ്ദേഹത്തിൻെറ ജന്മദേശമായ ഇവിടത്തെ പള്ളിയിൽ കൊണ്ടുവന്നു സംപൂജിതമായി സൂക്ഷിച്ചിരിക്കയാണല്ലൊ. പ്രസ്തുത അവശിഷ്ടങ്ങൾ ഇവിടെ കൊണ്ടുവന്ന അവസരം മുതൽ ഡോക്ടർ കുര്യാളശേരി അവർകളുടെ സെക്രട്ടറിയായിരുന്ന ദേഹവും അദ്ദേഹത്തിൻെറ അനന്തരഗാമിയുമായ ബിഷപ്പ്ഡോക്ടർ കാളാശേരി അവർകൾഇവിടെതന്നെ താമസിച്ചുവരികയാണ്. രാപകൽ ഇടവിടാതെ പതിനായിരക്കണക്കിനു ജനങ്ങൾ ഇവിടെ എത്തി ശരീരാവശിഷ്ടങ്ങൾ സന്ദർശിച്ചുവരുന്നു. അന്നു മുതൽഇതുവരെയു 60-ൽപരം മെഴുകുതിരികൾ അവശിഷ്ടങ്ങൾ ഉൾക്കൊള്ളുന്ന മഞ്ചത്തിൻെറ നാലുഭാഗത്തുമായി കെടാതെ കത്തി ജ്വലിച്ചുകൊണ്ടിരിക്കുന്നു.

ഇന്നലെ ഉച്ചതിരിഞ്ഞു 4 മണിയോടുകൂടി ഇവിടെവച്ചു "ഒപ്പീസ്" മുതലായ ചില കർമ്മങ്ങൾ നടന്നു.

ഇന്നു രാവിലെ 7-30 നു സ്ഥലം കത്തോലിക്കാദേവാലയത്തിൽവച്ചു പൊന്തിഫിക്കൽകുർബാന അർപ്പിക്കപ്പെട്ടു. അനന്തരം "ഒപ്പീസ്" യാത്രപറച്ചിൽ ആദിയായ കർമ്മങ്ങൾ നടന്നു.

അപ്പോഴേക്കു, പ്രകൃതിരമണീയമായ പമ്പാസരസ്സു ഒരു നൂറിൽപ്പരം ബോട്ടുകളാലും, 60-ൽപ്പരം ചുണ്ടൻവള്ളങ്ങളാലും ഒട്ടനവധി മററു വള്ളങ്ങളാലും നിബിഡീകൃതമായിത്തീർന്നു. ചുണ്ടൻവള്ളങ്ങൾ, ബോട്ടുകൾ ഇവ അണിനിരന്നു ഘോഷയാത്രയുടെ മുൻഭാഗത്തും അതിൻെറ പിന്നിലായി ഡോക്ടർ കുര്യാളശ്ശേരിയവർകളുടെ പൂജ്യാവശിഷ്ടങ്ങൾ വഹിച്ചിട്ടുള്ള ബോട്ടും അതിനെ അനുഗമിച്ചു നോക്കെത്താത്തവണ്ണം അസംഖ്യം ചെറുവള്ളങ്ങളുംകൂടി മന്ദംമന്ദം പുറപ്പെട്ട അഗംഭീരമായ ഘോഷയാത്ര എത്രമാത്രം മനോഹരമായിരുന്നു എന്നു വർണ്ണിക്കാൻ പ്രയാസം. കുട്ടനാടിൻെറ ചരിത്രത്തിൽ ഇത്ര കെങ്കേമമായ ഒരു ഘോഷയാത്ര ഇതുവരെ നടന്നിട്ടില്ലെന്നു പറയപ്പെടുന്നു.